കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956

## (1956-ലെ 30-ാം നമ്പർ ആക്റ്റ്)

## (1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956

## (1956-ലെ 30-ാം നമ്പർ ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# ഹിന്ദു പിൻതുടർച്ച ആക്ററ്, 1956

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ—

അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും.
2. ആക്ററിൻെറ ബാധകത.
3. നിർവ്വചനങ്ങളും വ്യാഖ്യാനവും.
4. ആക്ററിൻെറ അധിപ്രഭാവം.

അദ്ധ്യായം II

മരണശാസനം കൂടാതെയുള്ള പിൻതുടർച്ച

സാമാന്യ

5. ചില വസ്തുക്കൾക്ക് ആക്ററ് ബാധകമല്ലെന്ന്.
6. കൂട്ടുദായ വസ്തുക്കളിലെ അവകാശത്തിൻെറ സംക്രമണം.
7. തറവാടിൻേറയോ, താവഴിയുടേയോ, കുടുംബത്തിൻേറയോ കവരിൻേറയോ ഇല്ലത്തിൻേറയോ വസ്തുവിലുള്ള അവകാശത്തിൻെറ സംക്രമണം.
8. പുരുഷൻമാരുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ.
9. പട്ടികയിലെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചക്രമം.
10. പട്ടികയിലെ ക്ലാസ് I-ൽ ഉള്ള അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ.
11. പട്ടികയിലെ ക്ലാസ് II-ലെ അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ.
12. ജ്ഞാതികളുടേയും ബന്ധുക്കളുടേയും ഇടയിലുള്ള പിൻതുടർച്ച ക്രമം.
13. ഡിഗ്രികൾ കണക്കാക്കൽ.
14. ഒരു ഹിന്ദു സ്ത്രീയുടെ വസ്തു അവർക്ക് പൂർണ്ണാവകാശമുള്ള വസ്തുവാണെന്ന്.
15. ഹിന്ദു സ്ത്രീയുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ.
16. ഹിന്ദു സ്ത്രീകളുടെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ച ക്രമവും വീതിക്കുന്ന രീതിയും.
17. മരുമക്കത്തായ നിയമത്താലും അളിയസന്താന നിയമത്താലും അനുശാസിതരായ ആളുകളെ സംബന്ധിച്ച വിശേഷാൽ വ്യവസ്ഥകൾ.

വകുപ്പുകൾ—

പിൻതുടർച്ച സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

18. പൂർണ്ണരക്തത്തിന് അർദ്ധരക്തത്തേക്കാൾ മുൻഗണന കിട്ടുമെന്ന്.
19. രണ്ടോ അതിലധികമോ അനന്തരാവകാശികളുടെ പിൻതുടർച്ചയുടെ സമ്പ്രദായം.
20. ഗർഭത്തിലെ ശിശുവിന്റെ അവകാശം.
21. ഒരുമിച്ചുള്ള മരണങ്ങളുടെ സംഗതിയിലുള്ള അനുമാനം.
22. ചില സംഗതികളിൽ വസ്തു ആർജ്ജിക്കുന്നതിൽ മുൻഗണനാവകാശം.
23. വാസഗൃഹങ്ങൾ സംബന്ധിച്ച വിശേഷാൽ വ്യവസ്ഥ.
24. പുനർവിവാഹം ചെയ്യുന്ന ചില വിധവകൾക്ക് വിധവകളെന്ന നിലയിൽ അനന്തരാവകാശമില്ലെന്ന്.
25. കൊലപാതകി അയോഗ്യനാകുന്നത്.
26. മതപരിവർത്തനം ചെയ്ത ആളുടെ സന്തതികൾ അയോഗ്യരാകുന്നത്.
27. അനന്തരാവകാശി അയോഗ്യനാകുമ്പോഴുള്ള പിൻതുടർച്ച.
28. രോഗം, ന്യൂനത മുതലായവ അയോഗ്യരാക്കുകയില്ലെന്ന്.

എസ്ചീററ്

29. അനന്തരാവകാശികളുടെ അഭാവം.

അദ്ധ്യായം III

മരണപത്രപ്രകാരമുള്ള പിൻതുടർച്ച

30 മരണപത്രപ്രകാരമുള്ള പിൻതുടർച്ച.

അദ്ധ്യായം IV

31 റദ്ദാക്കലുകൾ.

പട്ടിക

# ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956

1956-ലെ 30-ാം നമ്പർ ആക്റ്റ്

## ഹിന്ദുക്കളുടെ ഇടയിലുള്ള മരണശാസനപ്രകാരമല്ലാത്ത പിൻതുടർച്ച സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുവാനും ക്രോഡീകരിക്കുവാനുമുള്ള ആക്റ്റ്

[1956 ജൂൺ, 1]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഏഴാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്റ്റിന് ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു–കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

2. ആക്റ്റിന്റെ ബാധകത.— (1) ഈ ആക്റ്റ്—

(ക) വീരശൈവനോ, ലിംഗായത്തോ അല്ലെങ്കിൽ ബ്രഹ്മസമാജത്തിന്റേയോ പ്രാർത്ഥനാസമാജത്തിന്റേയോ ആര്യസമാജത്തിന്റേയോ അനുയായിയോ ഉൾപ്പെടെ ഹിന്ദുമതത്തിന്റെ ഏതെങ്കിലും രൂപത്തിലോ വികാസരൂപത്തിലോ ഉള്ള മതംകൊണ്ട് ഹിന്ദുവായ ഏതൊരാൾക്കും ;

(ഖ) മതംകൊണ്ട് ബുദ്ധമതക്കാരനോ, ജൈനനോ, സിക്കുകാരനോ ആയ ഏതൊരാൾക്കും ;

(ഗ) മതംകൊണ്ട് മുസ്ലീമോ, ക്രിസ്ത്യനോ, പാർസിയോ, ജൂതനോ അല്ലാത്ത മറേറതൊരാൾക്കും, അങ്ങനെയുള്ള ആൾ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഇതിൽ കൈകാര്യം ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് ഹിന്ദുനിയമത്താലോ ആ നിയമത്തിന്റെ ഭാഗമായ വല്ല ആചാരത്താലോ വഴക്കത്താലോ അനുശാസിതനാകുമായിരുന്നില്ലെന്ന് തെളിയിക്കാത്തപക്ഷവും, ബാധകമാകുന്നു.

വിശദീകരണം.—താഴെ പറയുന്ന ആളുകൾ മതംകൊണ്ട്, അതതുസംഗതിപോലെ ഹിന്ദുക്കളോ, ബുദ്ധമതക്കാരോ, ജൈനരോ, സിക്കുകാരോ ആകുന്നു :—

(ക) മാതാപിതാക്കൻമാർ രണ്ടുപേരും മതംകൊണ്ട് ഹിന്ദുക്കളോ, ബുദ്ധമതക്കാരോ, ജൈനരോ, സിക്കുകാരോ ആയ നിയമാനുസൃതമായ വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി ;

(ഖ) മാതാപിതാക്കൻമാരിൽ ഒരാൾ മതംകൊണ്ട് ഹിന്ദുവോ, ബുദ്ധമതക്കാരനോ, ജൈനനോ, സിക്കുകാരനോ ആയിരിക്കുകയും, അങ്ങനെയുള്ള മാതാവോ പിതാവോ ഏതു ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ പെട്ടതാണോ,

അല്ലെങ്കിൽ പെട്ടതായിരുന്നുവോ, അതിലെ ഒരു അംഗമായി വളർത്തപ്പെടുകയും ചെയ്ത നിയമാനുസൃത വേഴ്ചയിൽ ഉണ്ടായതോ നിയമവിരുദ്ധ വേഴ്ചയിൽ ഉണ്ടായതോ ആയ ഏതെങ്കിലും കുട്ടി ;

(ഗ) ഹിന്ദുമതത്തിലേക്കോ, ബുദ്ധമതത്തിലേക്കോ, ജൈനമതത്തിലേക്കോ, സിക്കുമതത്തിലേക്കോ പരിവർത്തനം ചെയ്യുകയോ പുന:പരിവർത്തനം ചെയ്യുകയോ ചെയ്ത ഏതെങ്കിലും ആറം.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിന്റെ അർത്ഥത്തിലുള്ള ഏതെങ്കിലും പട്ടികഗോത്രവർഗ്ഗത്തിലെ അംഗങ്ങറംക്ക് ബാധകമാകുന്നതല്ല.

(3) ഈ ആക്ററിന്റെ ഏതെങ്കിലും ഭാഗത്തിലുള്ള "ഹിന്ദു" എന്ന പദത്തിന്, അതിൽ ഏതോരാറംക്കാണോ അയാറം മതംകൊണ്ട് ഹിന്ദുവല്ലെങ്കിലും ഈ വകുപ്പിൽ അടങ്ങിയ വ്യവസ്ഥകളുടെ ബലത്തിൽ ഈ ആക്ററു ബാധകമാകുന്നത്, അയാറം ഉറംപ്പെടുന്നുവെന്നപോലെ അർത്ഥം കല്പിക്കേണ്ടതാകുന്നു.

3. <u>നിർവ്വചനങ്ങളും വ്യാഖ്യാനവും.</u>— (1) ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ജ്ഞാതി"—രണ്ടാളുകറം രക്തത്താലോ ദത്താലോ ആൺവഴിയായി മാത്രം ബന്ധപ്പെട്ടവരാണെങ്കിൽ അവരിൽ ഒരാറം മററെ ആളുടെ "ജ്ഞാതി" യാണെന്ന് പറയപ്പെടുന്നു ;

(ഖ) "അളിയസന്താന നിയമം" എന്നാൽ ഈ ആക്ററ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഈ ആക്ററിൽ വ്യവസ്ഥയുള്ള വിഷയങ്ങറം സംബന്ധിച്ച് മദ്രാസ് അളിയസന്താന ആക്ററ്, 1949 (1949-ലെ 9-ാം മദ്രാസ് ആക്ററ്)—നാലോ ആചാരം വഴിയുള്ള അളിയസന്താന നിയമത്താലോ അനുശാസിതരാകുമായിരുന്ന ആളുകറംക്ക് ബാധകമാകുന്ന നിയമസമ്പ്രദായം എന്നർത്ഥമാകുന്നു.

(ഗ) "ബന്ധു"—രണ്ടാളുകറം രക്തത്താലോ ദത്താലോ ബന്ധപ്പെട്ടവരും എന്നാൽ ആൺവഴിയായി മാത്രമല്ലാതെ ബന്ധപ്പെട്ടവരുമാണെങ്കിൽ അവരിൽ ഒരാറം മററേ ആളുടെ "ബന്ധു" ആണെന്ന് പറയപ്പെടുന്നു ;

(ഘ) "ആചാരം", "വഴക്കം", എന്നീ പദങ്ങറംക്ക് തുടർച്ചയായും ഏകരൂപമായും ദീർഘകാലം ആചരിക്കപ്പെട്ടതുകൊണ്ട് ഏതെങ്കിലും തദ്ദേശപ്രദേശത്തോ ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ ഹിന്ദുക്കളുടെ ഇടയിൽ നിയമത്തിന്റെ ബലം ലഭിച്ചിട്ടുള്ള ഏതെങ്കിലും ചട്ടം എന്ന് അർത്ഥമാകുന്നു :

എന്നാൽ ആ ചട്ടം സുനിശ്ചിതമായിട്ടുള്ളതും ന്യായരഹിതമോ പബ്ലിക്ക് പാളിസിക്ക് എതിരോ അല്ലാത്തതും ആയിരിക്കണം ;

എന്നു മാത്രമല്ല, ഒരു കുടുംബത്തിനുമാത്രം ബാധകമാകുന്ന ചട്ടത്തിന്റെ സംഗതിയിൽ ആ കുടുംബം, അത് തുടരുന്നത് നിറുത്തിയിരിക്കാൻ പാടില്ലാത്തതും ആകുന്നു ;

(ങ) ''പൂർണ്ണരക്ത'' വും, ''അർദ്ധരക്ത'' വും, ''ഏകോദരരക്ത'' വും-

(i) രണ്ടാളുകൾ, ഒരു പൊതു പൂർവ്വികനിൽ നിന്ന് ഒരേ ഭാര്യ വഴിയുള്ള സന്തതികളാകുമ്പോൾ അവർ അന്യോന്യം പൂർണ്ണരക്തത്താൽ ബന്ധപ്പെട്ടവരെന്നും, അവർ ഒരു പൊതു പൂർവ്വികനിൽ നിന്ന് വ്യത്യസ്ത ഭാര്യമാർ വഴിയുള്ള സന്തതികളാകുമ്പോൾ അന്യോന്യം അർദ്ധരക്തത്താൽ ബന്ധപ്പെട്ടവരെന്നും പറയപ്പെടുന്നു;

(ii) രണ്ടാളുകൾ, ഒരു പൊതുപൂർവ്വികയ്ക്ക് വ്യത്യസ്ത ഭർത്താക്കന്മാർ വഴിയുള്ള സന്തതികളാകുമ്പോൾ അവർ അന്യോന്യം ഏകോദര രക്തത്താൽ ബന്ധപ്പെട്ടവരെന്ന് പറയപ്പെടുന്നു;

വിശദീകരണം.—ഈ ഖണ്ഡത്തിൽ ''പൂർവ്വികൻ'' എന്നതിൽ പിതാവും ''പൂർവ്വിക'' എന്നതിൽ മാതാവും ഉൾപ്പെടുന്നു;

(ച) ''അനന്തരാവകാശി'' എന്നാൽ മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു ഈ ആക്ററിൻ കീഴിൽ പിൻതുടർച്ചയായി ലഭിക്കുവാൻ അവകാശപ്പെട്ട പുരുഷനോ സ്ത്രീയോ ആയ ഏതൊരാളും എന്നർത്ഥമാകുന്നു;

(ഛ) 'മരണശാസനം കൂടാതെ മരിച്ച ആൾ''—ഏതത് വസ്തു സംബന്ധിച്ചാണോ ഒരാൾ പ്രഭാവത്തിൽ വരാൻ സമർത്ഥതയുള്ള, മരണപത്രപ്രകാരമുള്ള വിനിയോഗം ചെയ്തിട്ടില്ലാത്തത്, ആ വസ്തു സംബന്ധിച്ച് അവനോ അവളോ മരണശാസനം കൂടാതെ മരിച്ചതായി കരുതപ്പെടുന്നതാകുന്നു;

(ജ) ''മരുമക്കത്തായ നിയമം'' എന്നാൽ—

(ക) ഈ ആക്ററ് പാസ്സാക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, ഈ ആക്ററിൽ വ്യവസ്ഥയുള്ള വിഷയങ്ങൾ സംബന്ധിച്ച മദ്രാസ് മരുമക്കത്തായ ആക്ററ്, 1932 (1933-ലെ 22-ാം നമ്പർ മദ്രാസ് ആക്ററ്)-നാലോ തിരുവിതാംകൂർ നായർ ആക്ററിനാലോ (1100-ലെ 2 ) തിരുവിതാംകൂർ ഈഴവ ആക്ററിനാലോ (1100-ലെ 3 ), തിരുവിതാംകൂർ നാഞ്ചിനാട് വെള്ളാള ആക്ററിനാലോ (1101-ലെ 6), തിരുവിതാംകൂർ ക്ഷത്രിയ ആക്ററിനാലോ (1108-ലെ 7 ), തിരുവിതാംകൂർ കൃഷ്ണൻ വക മരുമക്കത്തായം ആക്ററിനാലോ (1115-ലെ 7 .), കൊച്ചി മരുമക്കത്തായം ആക്ററിനാലോ (1113-ലെ 33 ), കൊച്ചി നായർ ആക്ററിനാലോ (1113-ലെ 29 ), അനുശാസിതരാകുമായിരുന്ന ആളുകൾക്കോ ; അല്ലെങ്കിൽ

(ഖ) ഏതത് സമുദായത്തിലെ അംഗങ്ങൾ ആണോ. 1956—നവംബർ 1-ാം തീയതിക്ക് തൊട്ടുമുൻപ് നിലവിലുണ്ടായിരുന്ന വിധമുള്ള തിരുവിതാംകൂർ—കൊച്ചി സ്റേററിലോ മദ്രാസ് സ്റേററിലോ ധാരാളമായി അധിവാസം ചെയ്യുകയും, ആ സമുദായം ഈ ആക്ററ് പാസ്സാക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, ഈ ആക്ററിൽ വ്യവസ്ഥയുള്ള വിഷയങ്ങൾ സംബന്ധിച്ച് പരമ്പരത പെൺവഴിയായുള്ള ഏതെങ്കിലും അനന്തരാവകാശ സംപ്രദായത്താൽ അനുശാസിതരാകുമായിരിക്കുകയും ചെയ്യുന്നത്, ആ സമുദായത്തിൽപ്പെട്ടവർക്കോ,

ബാധകമാകുന്ന നിയമസംപ്രദായം എന്നർത്ഥമാകുന്നു; എന്നാൽ അതിൽ അളിയസന്താന നിയമം ഉൾപ്പെടുന്നില്ല;

(ത്ധ) ''നമ്പൂതിരി നിയമം'' എന്നാൽ ഈ ആക്ററ് പാസ്സാക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, ഈ ആക്ററിൽ വ്യവസ്ഥയുള്ള വിഷയങ്ങൾ സംബന്ധിച്ച് മദ്രാസ് നമ്പൂതിരി ആക്ററ്, 1932 (1933-ലെ 21-ാം നമ്പർ മദ്രാസ് ആക്ററ്)—നാലോ, കൊച്ചി നമ്പൂതിരി ആക്ററിനാലോ (1113-ലെ 17) തിരുവിതാംകൂർ മലയാള ബ്രാഹ്മണ ആക്ററിനാലോ (1106-ലെ 3 ), അനുശാസിതരാകുമായിരുന്ന ആളുകൾക്ക് ബാധകമാകുന്ന നിയമസംപ്രദായം എന്നർത്ഥമാകുന്നു;

(ഞ) ''ബന്ധപ്പെട്ട'' എന്നാൽ നിയമാനുസൃതമായ കുലബന്ധത്താൽ ബന്ധപ്പെട്ട എന്നർത്ഥമാകുന്നു:

എന്നാൽ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായിട്ടുള്ള കുട്ടികൾ അവരുടെ മാതാവുമായും അന്യോന്യവും ബന്ധപ്പെട്ടതായും, അവരുടെ നിയമാനുസൃതമായ വേഴ്ചയിലുണ്ടായ സന്തതികൾ അവരുമായും അന്യോന്യവും ബന്ധപ്പെട്ടതായും കരുതപ്പെടുന്നതും; ബന്ധം പ്രകടമാക്കുന്നതോ ബന്ധപ്പെട്ട ആളെ കുറിക്കുന്നതോ ആയ ഏതുപദത്തിനും അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും ആകുന്നു.

(2) ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, പുല്ലിംഗം കുറിക്കുന്ന വാക്കുകളിൽ സ്ത്രീകൾ ഉൾപ്പെടുന്നതായി കണക്കാക്കുന്നതല്ല.

4. ആക്റ്റിന്റെ അധിപ്രഭാവം.—(1) ഈ ആക്റ്റിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ,—

(ക) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന ഹിന്ദു നിയമത്തിന്റെ ഏതെങ്കിലും ശാസ്ത്രവാക്യത്തിനോ ചട്ടത്തിനോ വ്യാഖ്യാനത്തിനോ അല്ലെങ്കിൽ ആ നിയമത്തിന്റെ ഭാഗമായ ഏതെങ്കിലും ആചാരത്തിനോ വഴക്കത്തിനോ, ഈ ആക്റ്റിൽ വ്യവസ്ഥയുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ചിടത്തോളം, പ്രഭാവമില്ലാതാകുന്നതാണ്;

(ഖ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്ന മറെറതെങ്കിലും നിയമം, ഈ ആക്റ്റിൽ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥകൾക്ക് അസംഗതമാകുന്നിടത്തോളം, ഹിന്ദുക്കൾക്ക് ബാധകമല്ലാതാകുന്നതാണ്.

(2) ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും, കൃഷിനടപ്പ് ഭൂമികൾ കണ്ടംകണ്ടമാക്കുന്നത് തടയുന്നതിനോ, അല്ലെങ്കിൽ അങ്ങനെയുള്ള നടപ്പു ഭൂമികളുടെ പരിധികൾ നിജപ്പെടുത്തുന്നതിനോ കുടിയായ്മാവകാശങ്ങളുടെ സംക്രമണത്തിനോ വ്യവസ്ഥ ചെയ്യുന്നതും തൽസമയം പ്രാബല്യത്തിലിരിക്കുന്നതുമായ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ലെന്ന്, സംശയങ്ങൾ നീക്കം ചെയ്യുന്നതിനായി, ഇതിനാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

## അദ്ധ്യായം II

## മരണശാസനം കൂടാതെയുള്ള പിൻതുടർച്ച

### സാമാന്യം

5. ചില വസ്തുക്കൾക്ക് ആക്റ്റ് ബാധകമല്ലെന്ന്.—ഈ ആക്റ്റ്—

(i) ഏതു വസ്തുവിനുള്ള പിൻതുടർച്ചയാണോ പ്രത്യേക വിവാഹ ആക്റ്റ്, 1954 (1954-ലെ 43) 21-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾ കാരണമായി ഇൻഡ്യൻ പിൻതുടർച്ച ആക്റ്റ്, 1925 (1925-ലെ 39)—നാൽ ക്രമപ്പെടുത്തപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിനും;

(ii) ഏതെങ്കിലും ഇൻഡ്യൻ സ്റ്റേററിന്റെ ഭരണാധികാരിയും ഇൻഡ്യാഗവൺമെൻറും തമ്മിൽ ഏർപ്പെട്ട ഏതെങ്കിലും കവനൻറിൻേറയോ, കരാറിൻേറയോ നിബന്ധനകളാലോ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് പാസ്സാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിലെ നിബന്ധനകളാലോ ഒരു ഏക അനന്തരാവകാശിക്ക് പരമ്പരയായി കിട്ടുന്ന ഏതെങ്കിലും എസ്റ്റേററിനും;

(iii) കൊച്ചി മഹാരാജാവ് വിളംബരം ചെയ്ത 1949 ജൂൺ 29-ാം തീയതിയിലെ വിളംബരം (1124-ലെ 9) നല്കിയ അധികാരങ്ങൾ കാരണമായി പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിനാൽ ഭരിക്കപ്പെടുന്ന പാലസ് ഫണ്ടിനും വലിയമ്മത്തമ്പുരാൻകോവിലകം എസ്റേററിനും ബാധകമാകുന്നതല്ല.

6. കൂട്ടുദായ വസ്തുക്കളിലെ അവകാശത്തിന്റെ സംക്രമണം.—ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം തന്റെ മരണസമയത്ത് മിതാക്ഷര കൂട്ടുദായ വസ്തുവിൽ അവകാശമുള്ള ഒരു ഹിന്ദുപുരുഷൻ മരിക്കുമ്പോൾ, ആ വസ്തുവിലെ അയാളുടെ അവകാശം, കൂട്ടുദായത്തിൽ അതിജീവിക്കുന്ന അംഗങ്ങൾക്ക് അതിജീവിതാം വഴി സംക്രമിക്കുന്നതും ഈ ആക്ററനുസരിച്ച് സംക്രമിക്കുന്നതല്ലാത്തതും ആകുന്നു:

എന്നാൽ, പട്ടികയിലെ ക്ലാസ് I-ൽ വിനിർദ്ദേശിച്ച സംബന്ധിയായ ഒരു സ്ത്രീയോ അങ്ങനെയുള്ള സംബന്ധിയായ സ്ത്രീവഴി അവകാശപ്പെടുന്ന ആ ക്ലാസ്സിൽ വിനിർദ്ദേശിച്ച സംബന്ധിയായ ഒരു പുരുഷനോ മരിച്ച ആളെ അതിജീവിക്കുന്നുവെങ്കിൽ, മരിച്ച ആളുടെ മിതാക്ഷര കൂട്ടുദായ വസ്തുവിലുള്ള അവകാശം, ഈ ആക്ററിൻ കീഴിൽ, അതത് സംഗതിപോലെ, മരണപത്രപ്രകാരമുള്ളതോ മരണശാസനം കൂടാതെ ഉള്ളതോ ആയ പിൻതുടർച്ചവഴി സംക്രമിക്കുന്നതും അതിജീവിതാംവഴി സംക്രമിക്കുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം 1.—ഈ വകുപ്പിന്റെ ആവശ്യങ്ങളിലേക്ക് ഒരു ഹിന്ദുമിതാക്ഷര കൂട്ടുദായിയുടെ അവകാശം അയാളുടെ മരണത്തിന് തൊട്ടുമുമ്പ് വസ്തുവിന്റെ ഭാഗം നടന്നിരുന്നുവെങ്കിൽ ഭാഗത്തിന് അവകാശപ്പെടാൻ അയാൾക്ക് അവകാശമുണ്ടായിരുന്നാലും ഇല്ലെങ്കിലും, ആ വസ്തുവിൽ അയാൾക്ക് തിരിച്ചുവയ്ക്കുമായിരുന്ന ഓഹരിയായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം. 2.—ഈ വകുപ്പിലെ പരിമിതി വ്യവസ്ഥയിൽ അടങ്ങിയ യാതൊന്നിനും, അതിൽ പരാമർശിച്ച അവകാശത്തിൽ ഒരു ഓഹരി അവകാശപ്പെടാൻ, മരണശാസനം കൂടാതെ മരിക്കുന്ന സംഗതിയിൽ മരിച്ച ആളുടെ മരണത്തിനു മുൻപ് കൂട്ടുദായത്തിൽനിന്ന് വേർപെട്ടിട്ടുള്ള ആൾക്കോ അയാളുടെ ഏതെങ്കിലും അനന്തരാവകാശികൾക്കോ കഴിവുണ്ടാക്കുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

7. തറവാടിൻേറയോ, താവഴിയുടേയോ, കുടുംബത്തിൻേറയോ, കവരിൻേറയോ ഇല്ലത്തിൻേറയോ വസ്തുവിലുള്ള അവകാശത്തിന്റെ സംക്രമണം.—(1) ഈ ആക്ററ് പാസ്സാക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ, മരുമക്കത്തായ നിയമമോ നമ്പൂതിരിനിയമമോ ബാധകമായിരിക്കുകയും, അതതുസംഗതി പോലെ, തറവാടിൻേറയോ താവഴിയുടേയോ ഇല്ലത്തിൻേറയോ വസ്തുവിൽ തന്റെ മരണസമയത്ത് അവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു ഹിന്ദു ഈ ആക്ററിന്റെ പ്രാരംഭത്തിനു ശേഷം മരിക്കുമ്പോൾ, ആ വസ്തുവിലുള്ള അവൻേറയോ അവളുടേയോ അവകാശം ഈ ആക്ററിൻ കീഴിൽ, അതതുസംഗതിപോലെ, മരണപത്രപ്രകാരമുള്ളതോ മരണശാസനംകൂടാതെയുള്ളതോ ആയ പിൻതുടർച്ച വഴി സംക്രമിക്കുന്നതും മരുമക്കത്തായ നിയമമോ നമ്പൂതിരിനിയമമോ അനുസരിച്ച് സംക്രമിക്കുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം —ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, തറവാടിൻേറയോ, താവഴിയുടേയോ, ഇല്ലത്തിൻേറയോ വസ്തുവിലുള്ള ഒരു ഹിന്ദുവിന്റെ അവകാശം, അതതുസംഗതി പോലെ, തറവാടിലേയോ, താവഴിയിലേയോ, ഇല്ലത്തിലേയോ അപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ അംഗങ്ങൾ

ക്കുമിടയിൽ അവന്റെയോ അവളുടേയോ മരണത്തിന് തൊട്ടുമുൻപ് വസ്തുവിന്റെ ആളോഹരിഭാഗം നടന്നിരുന്നുവെങ്കിൽ, അവനോ അവൾക്കോ ബാധകമായ മരുമക്കത്തായ നിയമത്തിന്റെയോ നമ്പൂതിരി നിയമത്തിന്റെയോ കീഴിൽ ഭാഗത്തിന് അവകാശപ്പെടാൻ അവനോ അവൾക്കോ അവകാശമുണ്ടായിരുന്നാലും ഇല്ലെങ്കിലും, അതതുസംഗതിപോലെ, തറവാടിന്റെയോ താവഴിയുടെയോ ഇല്ലത്തിന്റെയോ വസ്തുവിൽ അവനോ അവൾക്കോ ചെല്ലുമായിരുന്ന ഓഹരിയായി കരുതപ്പെടുന്നതും, അങ്ങനെയുള്ള ഓഹരി അവനോ അവൾക്കോ പൂർണ്ണാവകാശത്തോടെ തിരിച്ചുവയ്ക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

(2) ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ അളിയസന്താന നിയമം ബാധകമായിരിക്കുകയും അതതുസംഗതിപോലെ, കുടുംബത്തിന്റെയോ കവരിന്റെയോ വസ്തുവിൽ തന്റെ മരണസമയത്ത് അവിഭക്താവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു ഹിന്ദു, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം മരിക്കുമ്പോൾ, ആ വസ്തുവിലുള്ള അവന്റെയോ അവളുടേയോ അവകാശം ഈ ആക്റ്റിൻ കീഴിൽ, അതത് സംഗതിപോലെ മരണപത്രപ്രകാരമുള്ളതോ മരണശാസനം കൂടാതെയുള്ളതോ ആയ പിൻതുടർച്ചവഴി സംക്രമിക്കുന്നതും അളിയസന്താന നിയമമനുസരിച്ച് സംക്രമിക്കുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, കുടുംബത്തിന്റെയോ കവരിന്റെയോ വസ്തുവിലുള്ള ഒരു ഹിന്ദുവിന്റെ അവകാശം, അതതുസംഗതിപോലെ, കുടുംബത്തിലേയോ കവരിലേയോ അപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ അംഗങ്ങൾക്കുമിടയിൽ അവന്റെയോ അവളുടേയോ മരണത്തിന് തൊട്ടുമുമ്പ്, വസ്തുവിന്റെ ആളോഹരി ഭാഗം നടന്നിരുന്നുവെങ്കിൽ, അളിയസന്താന നിയമത്തിൻ കീഴിൽ ഭാഗത്തിന് അവകാശപ്പെടാൻ അവനോ അവൾക്കോ അവകാശമുണ്ടായിരുന്നാലും ഇല്ലെങ്കിലും, അതതുസംഗതിപോലെ, കുടുംബത്തിന്റെയോ കവരിന്റെയോ വസ്തുവിൽ അവനോ അവൾക്കോ ചെല്ലുമായിരുന്ന ഓഹരിയായി കരുതപ്പെടുന്നതും, അങ്ങനെയുള്ള ഓഹരി അവനോ അവൾക്കോ പൂർണ്ണാവകാശത്തോടെ തിരിച്ചുവയ്ക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം ഒരു സ്ഥാനി മരിക്കുമ്പോൾ, അയാളുടെ കൈവശം ഇരിക്കുന്ന സ്ഥാനവസ്തു, സ്ഥാനിയുടെ മരണത്തിന് തൊട്ടുമുമ്പ് സ്ഥാനവസ്തു അയാൾക്കും അപ്പോൾ ജീവിച്ചിരിക്കുന്ന അയാളുടെ എല്ലാ കുടുംബാംഗങ്ങൾക്കുമിടയിൽ ആളോഹരിയായി ഭാഗിച്ചിരുന്നാലെന്നപോലെ സ്ഥാനി അംഗമായ കുടുംബത്തിലെ അംഗങ്ങൾക്കും സ്ഥാനിയുടെ അനന്തരാവകാശികൾക്കും, സംക്രമിക്കുന്നതും, സ്ഥാനിയുടെ കുടുംബാംഗങ്ങൾക്കും അനന്തരാവകാശികൾക്കും ചെല്ലുന്ന ഓഹരികൾ പ്രത്യേക വസ്തുവായി അവരുടെ കൈവശം ഇരിക്കുന്നതും ആകുന്നു.

വിശദീകരണം.— ഏത് കുടുംബത്തിലെ, അത് വിഭക്തമോ അവിഭക്തമോ ആയിരുന്നാലും, പുരുഷൻമാരായ അംഗങ്ങൾക്കാണോ ഈ ആക്റ്റ് പാസാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഏതെങ്കിലും ആചാരമോ വഴക്കമോ അനുസരിച്ച് സ്ഥാനിയുടെ സ്ഥാനത്തേക്ക് പിൻതുടരാൻ അവകാശം ഉണ്ടായിരുന്നത് ആ കുടുംബത്തിലെ ഏതൊരു ശാഖയും, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് സ്ഥാനിയുടെ കുടുംബത്തിൽ ഉൾപ്പെടുന്നതാകുന്നു.

8. പുരുഷൻമാരുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ.—മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു പുരുഷന്റെ വസ്തു, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് സംക്രമിക്കുന്നതാകുന്നു,—

(ക) ഒന്നാമത്, പട്ടികയിലെ ക്ലാസ്സ് I-ൽ വിനിർദ്ദേശിച്ച സംബന്ധികളായ അനന്തരാവകാശികളിലേക്കും;

(ഖ) രണ്ടാമത്, ക്ലാസ്സ് I-ൽ യാതൊരു അനന്തരാവകാശിയും ഇല്ലെങ്കിൽ പട്ടികയിലെ ക്ലാസ്സ് II-ൽ വിനിർദ്ദേശിച്ച ബന്ധപ്പെട്ട ആളുകളായ അനന്തരാവകാശികളിലേക്കും;

(ഗ) മൂന്നാമത്, ഈ രണ്ടു ക്ലാസ്സുകളിൽ ഏതിലെങ്കിലുമുള്ള യാതൊരു അനന്തരാവകാശിയുമില്ലെങ്കിൽ, മരിച്ച ആളുടെ ജ്ഞാതികളിലേക്കും,

(ഘ) അവസാനമായി, ജ്ഞാതികൾ ആരുമില്ലെങ്കിൽ മരിച്ച ആളുടെ ബന്ധുക്കളിലേക്കും.

9. പട്ടികയിലെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചക്രമം.—പട്ടികയിൽ വിനിർദ്ദേശിച്ച അനന്തരാവകാശികൾക്കിടയിൽ, ക്ലാസ്സ് I-ൽ ഉള്ളവർ മറ്റെല്ലാ അനന്തരാവകാശികളേയും ഒഴിച്ചു നിറുത്തി ഒരുമിച്ച് എടുക്കുന്നതും, ക്ലാസ്സ് II-ലെ ഒന്നാമത്തെ ഉൾക്കുറിപ്പിലുള്ളവർക്ക് രണ്ടാമത്തെ ഉൾക്കുറിപ്പിലുള്ളവരെക്കാൾ മുൻഗണന കിട്ടുന്നതും, രണ്ടാമത്തെ ഉൾക്കുറിപ്പിലുള്ളവർക്ക് മൂന്നാമത്തെ ഉൾക്കുറിപ്പിലുള്ളവരെക്കാൾ മുൻഗണന കിട്ടുന്നതും, ആക്രമത്തിൽ തുടരുന്നതും ആകുന്നു.

10. പട്ടികയിലെ ക്ലാസ്സ് I-ൽ ഉള്ള അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ.— മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു പട്ടികയിലെ ക്ലാസ്സ് I-ലുള്ള അനന്തരാവകാശികൾക്കിടയിൽ താഴെപ്പറയുന്ന ചട്ടങ്ങൾ അനുസരിച്ച് വിഭജിക്കപ്പെടുന്നതാണ്:—

ചട്ടം 1. മരണശാസനം കൂടാതെ മരിച്ച ഒരാളുടെ വിധവയോ, ഒന്നിലധികം വിധവകളുണ്ടെങ്കിൽ എല്ലാ വിധവകളും കൂടിയോ ഒരോഹരി എടുക്കുന്നതാകുന്നു.

ചട്ടം 2. മരണശാസനം കൂടാതെ മരിച്ച ആളെ അതിജീവിക്കുന്ന പുത്രൻമാർ, പുത്രികൾ, മാതാവ് എന്നിവരിൽ ഓരോരുത്തരും ഒരു ഓഹരി എടുക്കുന്നതാകുന്നു.

ചട്ടം 3. മരണശാസനം കൂടാതെ മരിച്ച ആളുടെ മുൻപ് മരിച്ച ഓരോ പുത്രന്റേയോ പുത്രിയുടേയോ ശാഖയിലുള്ള അനന്തരാവകാശികൾ എല്ലാവരും കൂടി ഒരു ഓഹരി എടുക്കുന്നതാകുന്നു.

ചട്ടം 4. മൂന്നാം ചട്ടത്തിൽ വിനിർദ്ദിഷ്ടമായ ഓഹരി വീതിക്കൽ—

(i) മുൻപു മരിച്ച പുത്രന്റെ ശാഖയിലെ അനന്തരാവകാശികൾക്കിടയിൽ, അവന്റെ വിധവയ്ക്കും (അല്ലെങ്കിൽ എല്ലാ വിധവകൾക്കും കൂടി) അതിജീവിക്കുന്ന പുത്രൻമാർക്കും പുത്രികൾക്കും സമാംശങ്ങളും അവന്റെ മുമ്പുമരിച്ച പുത്രന്റെ ശാഖയ്ക്ക് അതേ അംശവും കിട്ടത്തക്കവിധം ചെയ്യേണ്ടതാകുന്നു;

(ii) മുൻപു മരിച്ച പുത്രിയുടെ ശാഖയിലെ അനന്തരാവകാശികൾക്കിടയിൽ, അതിജീവിക്കുന്ന പുത്രൻമാർക്കും പുത്രികൾക്കും സമാംശങ്ങൾ കിട്ടത്തക്കവിധം ചെയ്യേണ്ടതാകുന്നു.

11. പട്ടികയിലെ ക്ലാസ്സ് II-ലെ അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ.— മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു, പട്ടികയിലെ ക്ലാസ്സ് II-ൽ ഒരേ ഉൾക്കുറിപ്പിൽ, അത് ഏതായാലും, വിനിർദ്ദേശിച്ച അനന്തരാവകാശികൾ തമ്മിൽ, അവർക്ക് സമമായ ഓഹരി കിട്ടത്തക്കവിധം വിഭജിക്കേണ്ടതാകുന്നു.

12. ജ്ഞാതികളുടേയും ബന്ധുക്കളുടേയും ഇടയിലുള്ള പിൻതുടർച്ച ക്രമം — അതതു സംഗതിപോലെ, ജ്ഞാതികളുടേയോ ബന്ധുക്കളുടേയോ ഇടയിലുള്ള പിൻതുടർച്ചക്രമം, ഇതിൻകീഴിൽ പറഞ്ഞിട്ടുള്ള മുൻഗണനാ ചട്ടങ്ങൾ അനുസരിച്ച് നിശ്ചയിക്കേണ്ടതാകുന്നു:—

ചട്ടം 1. രണ്ട് അനന്തരാവകാശികളിൽ, ആരോഹണ പരമ്പരയിലെ ഡിഗ്രി കുറഞ്ഞതോ ഇല്ലാത്തതോ ആയ ആൾക്ക് മുൻഗണന കിട്ടുന്നു.

ചട്ടം 2. ആരോഹണ പരമ്പരയിലെ ഡിഗ്രി ഒന്നുതന്നെ ആയിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്നിടത്ത് അവരോഹണ പരമ്പരയിലെ ഡിഗ്രി കുറഞ്ഞതോ ഇല്ലാത്തതോ ആയ അനന്തരാവകാശികൾക്ക് മുൻഗണന കിട്ടുന്നു.

ചട്ടം 3. രണ്ട് അനന്തരാവകാശികളിൽ ആർക്കും, 1-ാം ചട്ടത്തിന്റെയോ 2-ാം ചട്ടത്തിന്റെയോ കീഴിൽ മുൻഗണന കിട്ടാൻ അവകാശമില്ലാത്തിടത്ത്, അവർ ഒരുമിച്ച് എടുക്കുന്നു.

13. ഡിഗ്രികൾ കണക്കാക്കൽ.— (1) ജ്ഞാതികളുടേയോ ബന്ധുക്കളുടേയോ ഇടയിലുള്ള പിൻതുടർച്ചക്രമം നിശ്ചയിക്കുന്നതിന്റെ ആവശ്യങ്ങൾക്ക് ബന്ധം, മരണശാസനം കൂടാതെ മരിച്ച ആളിൽനിന്ന് അനന്തരാവകാശിയിലേക്ക് അതതു സംഗതിപോലെ, ആരോഹണപരമ്പരയിലെ ഡിഗ്രികളിലോ അവരോഹണപരമ്പരയിലെ ഡിഗ്രികളിലോ, രണ്ടിലും കൂടിയോ കണക്കാക്കേണ്ടതാകുന്നു.

(2) ആരോഹണ പരമ്പരയിലെ ഡിഗ്രികളും അവരോഹണ പരമ്പരയിലെ ഡിഗ്രികളും മരണ ശാസനം കൂടാതെ മരിച്ച ആൾ ഉൾപ്പെടെ കണക്കാക്കേണ്ടതാകുന്നു.

(3) ഓരോ തലമുറയും, ആരോഹണ പരമ്പരയിലേയോ അവരോഹണ പരമ്പരയിലേയോ ഒരു ഡിഗ്രിയാകുന്നതാണ്.

14. ഒരു ഹിന്ദു സ്ത്രീയുടെ വസ്തു അവൾക്ക് പൂർണ്ണാവകാശമുള്ള വസ്തുവാണെന്ന്.— (1) ഒരു ഹിന്ദു സ്ത്രീയുടെ കൈവശമുള്ള ഏതെങ്കിലും വസ്തു, അത് ഈ ആക്ററിന്റെ പ്രാരംഭത്തിനുമുമ്പോ പിമ്പോ ആർജ്ജിച്ചതായാലും, അവൾ അതിന്റെ പൂർണ്ണാവകാശമുള്ള ഉടമയാണെന്നും, പരിമിതാവകാശമുള്ള ഉടമയല്ലെന്നും ഉള്ള നിലയിൽ അവളുടെ കൈയിൽ ഇരിക്കുന്നതാകുന്നു.

വിശദീകരണം.— ഈ ഉപവകുപ്പിൽ "വസ്തു" എന്നതിൽ ഒരു ഹിന്ദു സ്ത്രീ അനന്തരാവകാശം വഴിയോ മരണപത്രം വഴിയോ ഭാഗത്തിലോ സംരക്ഷണത്തിന് പകരമായോ സംരക്ഷണ കുടിശ്ശികയ്ക്കു പകരമായോ, അല്ലെങ്കിൽ അവളുടെ വിവാഹത്തിനുമുമ്പോ വിവാഹസമയത്തോ വിവാഹത്തിനു പിമ്പോ ഏതെങ്കിലും ആളിൽനിന്ന്, അയാൾ സംബന്ധിയായാലും അല്ലെങ്കിലും, ദാനമായോ അല്ലെങ്കിൽ സ്വന്തം നൈപുണ്യത്താലോ പ്രയത്നത്താലോ

ക്രയത്താലോ ചിരാനുഭോഗത്താലോ മററ് ഏതെങ്കിലും രീതിയിലോ അത് ഏതായാലും, ആർജ്ജിച്ചിട്ടുള്ള ജംഗമവസ്തുവും സ്ഥാവരവസ്തുവും രണ്ടും, ഈ ആക്ററിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് അവളുടെ കൈവശം സ്ത്രീധനമായി ഇരുന്നിരുന്ന ഏതെങ്കിലും വസ്തുവും ഉൾപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, ദാനംവഴിയായോ, മരണശാസനത്തിന്റേയോ മറേറതെങ്കിലും പ്രമാണത്തിന്റേയോ കീഴിലോ സിവിൽ കോടതിയുടെ വിധിയ്ക്കോ ഉത്തരവിനോ കീഴിലോ അവാർഡിൻ കീഴിലോ ആർജ്ജിച്ചിട്ടുള്ള ഏതെങ്കിലും വസ്തുവിന് ആ ദാനത്തിന്റേയോ മരണശാസനത്തിന്റേയോ മററു പ്രമാണത്തിന്റേയോ വിധിയുടേയോ ഉത്തരവിന്റേയോ അവാർഡിന്റേയോ നിബന്ധനകൾ അങ്ങനെയുള്ള വസ്തുവിൽ പരിമിതപ്പെടുത്തിയ ഒരു എസ്റേറററിന് വ്യവസ്ഥ ചെയ്യുന്നിടത്ത് ബാധകമാകുന്നതല്ല.—

15. ഹിന്ദുസ്ത്രീയുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ.—(1) മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു സ്ത്രീയുടെ വസ്തു, 16-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് സംക്രമിക്കുന്നതാകുന്നു.—

(ക) ഒന്നാമത് പുത്രൻമാർക്കും പുത്രികൾക്കും (മുമ്പ് മരിച്ച ഏതെങ്കിലും പുത്രന്റേയോ പുത്രിയുടേയോ കുട്ടികൾ ഉൾപ്പെടെ) ഭർത്താവിലേക്കും;

(ഖ) രണ്ടാമത്, ഭർത്താവിന്റെ അനന്തരാവകാശികളിലേക്കും;

(ഗ) മൂന്നാമത്, മാതാവിനും പിതാവിലേക്കും;

(ഘ) നാലാമത്, പിതാവിന്റെ അനന്തരാവകാശികളിലേക്കും;

(ങ) അവസാനമായി, മാതാവിന്റെ അനന്തരാവകാശികളിലേക്കും.

2. (1) -ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും—

(ക) ഒരു ഹിന്ദുസ്ത്രീയ്ക്ക് അവളുടെ പിതാവിൽ നിന്നോ മാതാവിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, മരിച്ച ആൾക്ക് പുത്രനോ പുത്രിയോ (മുമ്പുമരിച്ച ഏതെങ്കിലും പുത്രന്റേയോ പുത്രിയുടേയോ കുട്ടികൾ ഉൾപ്പെടെ) ആരുമില്ലെങ്കിൽ 1-ാം ഉപവകുപ്പിൽ പരാമർശിച്ച മററ് അനന്തരാവകാശികൾക്ക്, അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും, എന്നാൽ പിതാവിന്റെ അനന്തരാവകാശികൾക്ക് സംക്രമിക്കുന്നതും;

(ഖ) ഒരു ഹിന്ദുസ്ത്രീയ്ക്ക്, അവളുടെ ഭർത്താവിൽനിന്നോ ഭർത്താവിന്റെ പിതാവിൽനിന്നോ അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, മരിച്ച ആൾക്ക് പുത്രനോ പുത്രിയോ ( മുമ്പു മരിച്ച ഏതെങ്കിലും പുത്രന്റേയോ പുത്രിയുടേയോ കുട്ടികൾ ഉൾപ്പെടെ) ആരുമില്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച മററ് അനന്തരാവകാശികൾക്ക് അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും, എന്നാൽ ഭർത്താവിന്റെ അനന്തരാവകാശികൾക്ക് സംക്രമിക്കുന്നതും,

ആകുന്നു.

16. ഹിന്ദുസ്ത്രീയുടെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ച ക്രമവും വീതിക്കുന്ന രീതിയും.—15-ാം വകുപ്പിൽ പരാമർശിച്ച അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ച ക്രമവും, ആ അനന്തരാവകാശികൾക്കിടയിൽ മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു വീതിയ്ക്കുന്നതും താഴെ പറയുന്ന ചട്ടങ്ങൾ അനുസരിച്ചായിരിക്കുന്നതാണ്, അതായത്:—

ചട്ടം 1. 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദിഷ്ടമായ അനന്തരാവകാശികൾക്കിടയിൽ, ഒരു ഉൾക്കുറിപ്പിൽ ഉള്ളവർക്ക് തുടർന്നുവരുന്ന ഉൾക്കുറിപ്പിൽ ഉള്ളവരേക്കാൾ മുൻഗണന കിട്ടുന്നതും ഒരേ ഉൾക്കുറിപ്പിൽ ഉള്ളവർ ഒരുമിച്ച് എടുക്കുന്നതും ആകുന്നു.

ചട്ടം 2. മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുമ്പ് ആ ആളുടെ ഏതെങ്കിലും പുത്രനോ പുത്രിയോ മരിച്ചിട്ടുണ്ടാവുകയും അവൻെറയോ അവളുടെയോ കുട്ടികൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണ സമയത്ത് ജീവിച്ചിരിക്കുകയും ചെയ്യുകയാണെങ്കിൽ, മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള പുത്രനോ പുത്രിയോ എടുക്കുമായിരുന്ന ഓഹരി, അങ്ങനെയുള്ള പുത്രൻേറയോ പുത്രിയുടേയോ കുട്ടികൾ എല്ലാവരും കൂടി എടുക്കുന്നതാകുന്നു.

ചട്ടം 3. 15-ാം വകുപ്പിൻെറ (1)-ാം ഉപവകുപ്പു (ഖ), (ഘ), (ങ) എന്നീ ഖണ്ഡങ്ങളിലും 2-ാം ഉപവകുപ്പിലും പരാമർശിച്ച അനന്തരാവകാശികളിലേക്ക് മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു സംക്രമിക്കുന്നതും ആ വസ്തു, അതതു സംഗതിപോലെ, പിതാവിൻെറയോ, മാതാവിൻെറയോ, ഭർത്താവിൻെറയോ ആയിരിക്കുകയും അങ്ങനെയുള്ള ആൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണത്തിൽ തൊട്ടു പിൻപ് ആ വസ്തു സംബന്ധിച്ച മരണശാസനം കൂടാതെ മരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ബാധകമാകുമായിരുന്ന അതേ ക്രമത്തിലും അതേ ചട്ടങ്ങൾ അനുസരിച്ചും ആയിരിക്കുന്നതാണ്.

17. മരുമക്കത്തായ നിയമത്താലും അളിയ സന്താന നിയമത്താലും അനുശാസിതരായ ആളുകളെ സംബന്ധിച്ച് വിശേഷാൽ വ്യവസ്ഥകൾ.— 8, 10, 15, 23 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക്, ഈ ആക്ററ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ, മരുമക്കത്തായ നിയമത്താലോ അളിയ സന്താനനിയമത്താലോ അനുശാസിതരാകുമായിരുന്ന ആളുകളെ സംബന്ധിച്ച്—

(i) 8-ാം വകുപ്പ് (ഗ), (ഘ) എന്നീ ഉപഖണ്ഡങ്ങൾക്കു പകരം, താഴെ പറയുന്നത്, അതായത്:—

"(ഗ) മൂന്നാമത് ഈ രണ്ടു ക്ലാസുകളിൽ തിലെങ്കിലുമുള്ള യാതൊരു അനന്തരാവകാശിയും ഇല്ലെങ്കിൽ അയാളുടെ സംബന്ധി, അവർ ജ്ഞാതികളായാലും ബന്ധുക്കളായാലും," ചേർക്കുകയും;

(ii) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻെറ (ക) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങൾക്കു പകരം താഴെപ്പറയുന്നവ, അതായത്—

"(ക) ഒന്നാമത്, പുത്രൻമാർക്കും പുത്രികൾക്കും (മുമ്പ് മരിച്ച ഏതെങ്കിലും പുത്രൻേറയോ പുത്രികളുടേയോ കുട്ടികൾ ഉൾപ്പെടെ) മാതാവിനും;

(ഖ) രണ്ടാമത്, പിതാവിനും ഭർത്താവിനും;

(ഗ) മൂന്നാമത്, മാതാവിൻെറ അനന്തരാവകാശികൾക്കും;

(ഘ) നാലാമത്, പിതാവിൻെറ അനന്തരാവകാശികൾക്കും;

(ങ) അവസാനമായി ഭർത്താവിൻെറ അനന്തരാവകാശികൾക്കും;" ചേർക്കുകയും,

(iii) 15-ാം വകുപ്പിൻെറ (2)-ാം ഉപവകുപ്പിലെ—(ക) എന്ന ഖണ്ഡം വിട്ടുകളയുകയും;

(iv) 23-ാം വകുപ്പ് വിട്ടുകളയുകയും ,

ചെയ്തിരുന്നാലെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതാകുന്നു.

പിൻതുടർച്ച സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

18. പൂർണ്ണരക്തത്തിന് അർത്ഥ രക്തത്തേക്കാൾ മുൻഗണന കിട്ടുമെന്ന്.— ബന്ധത്തിന്റെ സ്വഭാവം മറ്റേതു സംഗതിയും സംബന്ധിച്ച് ഒന്ന് തന്നെയാണെങ്കിൽ, മരണശാസനം കൂടാതെ മരിച്ച ആളോട് പൂർണ്ണരക്തത്താൽ ബന്ധപ്പെട്ട അനന്തരാവകാശികൾക്ക് അർത്ഥരക്തത്താൽ ബന്ധപ്പെട്ട അനന്തരാവകാശികളേക്കാൾ മുൻഗണന കിട്ടുന്നതാകുന്നു.

19. രണ്ടോ അതിലധികമോ അനന്തരാവകാശികളുടെ പിൻതുടർച്ചയുടെ സമ്പ്രദായം.— മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തുവിൽ രണ്ടോ അതിലധികമോ അനന്തരാവകാശികൾ ഒരുമിച്ച് പിൻതുടർച്ചക്കാരാകുന്നുവെങ്കിൽ, അവർ —

(ക) ഈ ആക്ടറിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ, ആളോഹരിയായും ശാഖാ—ഓഹരിയായല്ലാതേയും ;

(ഖ) ടെനൻസ്- ഇൻ—കാമൺ ആയും ജായിൻറ് ടെനൻസ് ആയല്ലാതെയും, വസ്തു എടുക്കുന്നതാകുന്നു.

20. ഗർഭസ്ഥ ശിശുവിന്റെ അവകാശം.— മരണശാസനം കൂടാതെ മരിക്കുന്ന ആളുടെ മരണസമയത്ത് ഗർഭത്തിലായിരിക്കുകയും പിന്നീട് ജീവനോടെ ജനിക്കുകയും ചെയ്യുന്ന കുട്ടിക്ക്, അവനോ അവളോ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണത്തിനുമുമ്പ് ജനിച്ചിരുന്നാലെന്നപോലെ മരണശാസനം കൂടാതെ മരിക്കുന്ന ആളുടെ അനന്തരാവകാശത്തിന് അതേ അവകാശം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള സംഗതിയിൽ, അനന്തരാവകാശം, മരണശാസനം കൂടാതെ മരിച്ച ആളുടെ മരണത്തീയതി മുതൽ ഫലത്തിൽ വരത്തക്കവിധം നിക്ഷിപ്തമായിരിക്കുന്നതായി കരുതപ്പെടുന്നതും ആകുന്നു.

21. ഒരുമിച്ചുള്ള മരണങ്ങളുടെ സംഗതികളിലുള്ള അനുമാനം.— രണ്ട് ആളുകൾ, അവരിൽ ഒരാൾ മറേറയാളെ അതിജീവിച്ചു എന്നോ, അങ്ങനെ ആണെങ്കിൽ അതിജീവിച്ചത് ആരാണെന്നോ നിശ്ചയിക്കാൻ വയ്യാതാകുന്ന പരിതഃസ്ഥിതികളിൽ മരിക്കുന്നിടത്ത്, വസ്തുവിന്റെ പിൻതുടർച്ചയെ ബാധിക്കുന്ന എല്ലാ ആവശ്യങ്ങൾക്കും പ്രായക്കുറവുള്ള ആൾ പ്രായം കൂടിയ ആളെ അതിജീവിച്ചു എന്നും, വിരുദ്ധമായത് തെളിയിക്കുന്നതുവരെ, അനുമാനിക്കേണ്ടതാണ്.

22. ചില സംഗതികളിൽ വസ്തു ആർജ്ജിക്കുന്നതിൽ മുൻഗണനാവകാശം.—(1) മരണശാസനം കൂടാതെ മരിക്കുന്ന ഒരാളുടെ ഏതെങ്കിലും സ്ഥാവര വസ്തുവിൽ അല്ലെങ്കിൽ അവനോ അവളോ നടത്തിക്കൊണ്ടുപോന്നിരുന്ന ഏതെങ്കിലും ബിസിനസ്സിൽ, അത് തനിച്ചോ മററുള്ളവരുമായിച്ചേർന്നോ ആയാലും, ഉള്ള ഒരു അവകാശം, ഈ ആക്ടറിന്റെ പ്രാരംഭത്തിനുശേഷം പട്ടികയുടെ ക്ലാസ് 1-ൽ വിനിർദ്ദേശിച്ച രണ്ടോ അതിൽ അധികമോ അനന്തരാവകാശികൾക്ക് സംക്രമിക്കുകയും അങ്ങനെയുള്ള അനന്തരാവകാശികളിൽ, ഏതെങ്കിലും ഒരാൾ ആ വസ്തുവിലേയോ ബിസിനസ്സിലേയോ അവന്റേയോ അവളുടേയോ അവകാശം കൈമാററം ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്യുന്നടത്ത്, കൈമാററം ചെയ്യുവാൻ നിർദ്ദേശിച്ച അവകാശം ആർജ്ജിക്കുന്നതിൽ ആ മററ് അനന്തരാവകാശികൾക്ക് മുൻഗണനാവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) മരിച്ച ആളുടെ വസ്തുവിലുള്ള ഏതെങ്കിലും അവകാശം ഈ വകുപ്പിൻ കീഴിൽ കൈമാററം ചെയ്യുന്നതിനുള്ള പ്രതിഫലം, കക്ഷികൾ തമ്മിലുള്ള ഏതെങ്കിലും കരാറിന്റെ അഭാവത്തിൽ, ഇതിലേക്ക് കോടതിയിൽ കൊടുക്കുന്ന അപേക്ഷയിൻമേൽ കോടതി തീരുമാനിക്കേണ്ടതും, അവകാശം ആർജ്ജിക്കുവാൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും ആൾ അപ്രകാരം തീരുമാനിക്കപ്പെട്ട പ്രതിഫലത്തിന് അത് ആർജ്ജിക്കുവാൻ ഒരുക്കമില്ലെങ്കിൽ, അങ്ങനെയുള്ള ആൾ അപേക്ഷയുടേയോ അതിന് ആനുഷംഗികമായതോ ആയ എല്ലാ ചെലവും കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

(3) ഈ വകുപ്പിൻ കീഴിൽ ഏതെങ്കിലും അനന്തരാവകാശം ആർജ്ജിക്കുവാൻ നിർദ്ദേശിക്കുന്നവരായി പട്ടികയിലെ ക്ലാസ് I-ൽ വിനിർദ്ദിഷ്ടമായ രണ്ടോ അതിലധികമോ അനന്തരാവകാശികൾ ഉണ്ടെങ്കിൽ, ഏത് അനന്തരാവകാശിയാണോ കൈമാററത്തിന് ഏററവും കൂടുതൽ പ്രതിഫലം ആഫർ ചെയ്യുന്നത്, ആ അനന്തരാവകാശിക്ക് മുൻഗണന നൽകുന്നതാണ്.

വിശദീകരണം.— ഈ വകുപ്പിൽ 'കോടതി' എന്നാൽ ഏതു കോടതിയുടെ അധികാരിതയുടെ അതിർത്തിക്കുള്ളിലാണോ സ്ഥാവരവസ്തു സ്ഥിതി ചെയ്യുകയോ ബിസിനസ്സ് നടത്തിക്കൊണ്ടു പോരുകയോ ചെയ്യുന്നത്, ആ കോടതി എന്നർത്ഥമാകുന്നതും, അതിൽ ഇതിലേക്ക് സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും കോടതി ഉൾപ്പെടുന്നതും ആകുന്നു.

23. വാസഗൃഹങ്ങൾ സംബന്ധിച്ച വിശേഷാൽ വ്യവസ്ഥ.—മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദുവിന് അവനേയോ അവളേയോ അതിജീവിക്കുന്ന പട്ടികയിലെ ക്ലാസ് I-ൽ വിനിർദ്ദേശിച്ച പുരുഷൻമാരായ അനന്തരാവകാശികളും സ്ത്രീകളായ അനന്തരാവകാശികളും ഉണ്ടാവുകയും, അവന്റേയോ അവളുടേയോ വസ്തുവിൽ അവന്റേയോ അവളുടേയോ കുടുംബാംഗങ്ങൾമാത്രം വസിക്കുന്ന ഒരു വാസഗൃഹം ഉൾപ്പെടുകയും ചെയ്യുന്നിടത്ത്, ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പുരുഷൻമാരായ അനന്തരാവകാശികൾ അതിലെ അവരുടെ യഥാക്രമമുള്ള ഓഹരികൾ വിഭജിക്കുവാൻ ഐച്ഛികമായി നിശ്ചയിക്കുന്നതുവരെ, ആ വാസഗൃഹം ഭാഗിക്കുന്നതിന് അവകാശപ്പെടുവാൻ സ്ത്രീയായ ഏതെങ്കിലും അനന്തരാവകാശിക്കുള്ള അവകാശം ഉൽഭവിക്കുന്നതല്ലാത്തതും, എന്നാൽ സ്ത്രീയായ അനന്തരാവകാശിക്ക് അതിൽ താമസിക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതും ആകുന്നു:

എന്നാൽ, അങ്ങനെയുള്ള സ്ത്രീയായ അനന്തരാവകാശി പുത്രിയായിരിക്കുന്നിടത്ത് അവൾക്ക് ആ വാസഗൃഹത്തിൽ താമസിക്കുവാനുള്ള അവകാശം അവൾ അവിവാഹിതയോ, ഭർത്താവിനാൽ അഭിത്യജിക്കപ്പെട്ടവളോ, ഭർത്താവിൽ നിന്ന് വേർപെട്ടിരിക്കുന്നവളോ, വിധവയോ ആണെങ്കിൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

24. പുനർവിവാഹം ചെയ്യുന്ന ചില വിധവകൾക്ക് വിധവകളെന്ന നിലയിൽ അനന്തരാവകാശമില്ലെന്ന്.— മുമ്പ് മരിച്ച പുത്രന്റെ വിധവ എന്ന നിലയിലോ, മുമ്പ് മരിച്ചപുത്രന്റെ മുമ്പ്മരിച്ച പുത്രന്റെവിധവ എന്ന നിലയിലോ, സഹോദരന്റെ വിധവ എന്ന നിലയിലോ മരണശാസനം കൂടാതെ മരിച്ച ആളോടുബന്ധപ്പെട്ട ഏതെങ്കിലും അനന്തരാവകാശിക്ക് പിൻതുടർച്ച അപാവൃതമാകുന്ന തീയതി അവൾ പുനർവിവാഹിതയാണെങ്കിൽ, മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തുവിന്റെ പിൻതുടർച്ചയ്ക്ക് അങ്ങനെയുള്ള വിധവ എന്ന നിലയിൽ അവകാശമുണ്ടാകുന്നതല്ല.

25. കൊലപാതകി അയോഗ്യനാകുന്നത് :— കൊലപാതകംനടത്തുകയോ കൊലപാതകം നടത്താൻ പ്രേരണ നല്കുകയോ ചെയ്യുന്ന ഏതൊരാളും, കൊല ചെയ്യപ്പെട്ട ആളുടെ വസ്തുവിനോ, ഏത് വസ്തുവിൻെറ പിൻതുടർച്ച മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടിയാണോ അവനോ അവളോ കൊലപാതകം നടത്തുകയോ നടത്തുവാൻ പ്രേരണ നല്കുകയോ ചെയ്തത് ആ വസ്തുവിനോ അനന്തരാവകാശിയാകുന്നതിന് അയോഗ്യനോ അയോഗ്യയോ ആകുന്നതാണ്.

26. മതപരിവർത്തനം ചെയ്ത ആളുടെ സന്തതികൾ അയോഗ്യരാകുന്നത്. — ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പോ പിമ്പോ, ഒരു ഹിന്ദു മറെറാരു മതത്തിലേക്കുള്ള പരിവർത്തനത്താൽ ഹിന്ദുവല്ലാതായി തീർന്നിട്ടുണ്ടായിരിക്കുകയോ തീരുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള മതപരിവർത്തനത്തിനുശേഷം അവനോ അവൾക്കോ ജനിച്ച കുട്ടികളും അവരുടെ സന്തതികളും, പിൻതുടർച്ച അപാവൃതമാകുന്ന സമയത്ത് അങ്ങനെയുള്ള കുട്ടികളോ സന്തതികളോ ഹിന്ദുക്കളല്ലാത്ത പക്ഷം അവരുടെ ഹിന്ദുവായ ഏതെങ്കിലും സംബന്ധികളുടെ വസ്തുവിന് അനന്തരാവകാശിയാകുന്നതിന് അയോഗ്യരാകുന്നതാണ്.

27. അനന്തരാവകാശി അയോഗ്യനാകുമ്പോഴുള്ളപിൻതുടർച്ച—ഏതെങ്കിലും വസ്തുവിന് അനന്തരാവകാശിയാകുന്നതിൽനിന്നു ഈ ആക്ററിൻകീഴിൽ ഏതെങ്കിലും ആൾ അയോഗ്യനാണെങ്കിൽ, ആ വസ്തു അങ്ങനെയുള്ള ആൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മുമ്പ് മരിച്ചിരുന്നാലെന്നപോലെ സംക്രമിക്കുന്നതാകുന്നു.

28. രോഗം, ന്യൂനത മുതലായവ അയോഗ്യരാക്കുകയില്ലെന്ന്.— ഏതെങ്കിലും രോഗമോ ന്യൂനതയോ അംഗവൈകല്യമോ കാരണമായോ ഈ ആക്ററിൽ വ്യവസ്ഥ ചെയ്ത വിധമൊഴികെ മറേറതെങ്കിലും കാരണമായോ, അത് എന്തുതന്നെ ആയാലും, യാതൊരാൾക്കും ഏതെങ്കിലും വസ്തു പിൻതുടർച്ചവഴി കിട്ടുന്നതിന് അയോഗ്യതയുണ്ടാകുന്നതല്ല.

എസ്ചീററ്

29. അനന്തരാവകാശികളുടെ അഭാവം.—മരണശാസനംകൂടാതെമരിക്കുന്ന ഒരാൾക്ക്, അവൻേറയോ അവളുടേയോ വസ്തു, ഈ ആക്ററിലെ വ്യവസ്ഥകൾഅനുസരിച്ചുപിൻതുടർച്ചയായിലഭിക്കുവാൻയോഗ്യതയുള്ള യാതൊരുഅനന്തരാവകാശിയും ഇല്ലെങ്കിൽ, അങ്ങനെയുള്ള വസ്തു ഗവൺമെൻറിൽ സംക്രമിക്കുന്നതും, ഗവൺമെൻറ് ആ വസ്തു, ഒരു അനന്തരാവകാശി ഏതു കടപ്പാടുകൾക്കും ബാദ്ധ്യതകൾക്കും വിധേയനാകുമായിരുന്നുവോ, അവയ്ക്കു വിധേയമായി എടുക്കുന്നതുമാകുന്നു.

## അദ്ധ്യായം III

## മരണപത്രപ്രകാരമുള്ള പിൻതുടർച്ച

30. മരണപത്രപ്രകാരമുള്ള പിൻതുടർച്ച.— ഏതെങ്കിലും ഹിന്ദുവിന് മരണശാസനമോ മരണപത്രപ്രകാരമുള്ള മററു വിനിയോഗം വഴി ഇൻഡ്യൻ പിൻതുടർച്ച ആക്ററ്, 1925-ലെ വ്യവസ്ഥകളോ തൽസമയം പ്രാബല്യത്തിലിരിക്കുകയും ഹിന്ദുക്കൾക്ക് ബാധകമാകുകയും ചെയ്യുന്ന മറേറതെങ്കിലും നിയമമോ അനുസരിച്ച് അയാൾക്ക് വിനിയോഗം ചെയ്യുവാൻ സമർത്ഥതയുള്ള ഏതെങ്കിലും വസ്തു അങ്ങനെ വിനിയോഗം ചെയ്യാവുന്നതാണ്.

വിശദീകരണം.— ഒരു മിതാക്ഷരകൂട്ടുദായ വസ്തുവിലെ ഒരു ഹിന്ദു പുരുഷൻെറ അവകാശമോ, തറവാടിൻേറയോ, താവഴിയുടേയോ ഇല്ലത്തിൻേറയോ കുടുംബത്തിൻേറയോ കവരിൻേറയോ വസ്തുവിലുള്ള തറവാടിലേയോ, താവഴിയിലേയോ, ഇല്ലത്തിലേയോ, കുടുംബത്തിലേയോ, കവരിലേയോ ഒരു അംഗത്തിൻെറ അവകാശമോ, ഈ ആക്ററിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിൻെറ അർത്ഥത്തിൽ അവനോ അവരാക്കോ വിനിയോഗം ചെയ്യുവാൻ സമർത്ഥതയുള്ള വസ്തുവായി കരുതപ്പെടുന്നതാകുന്നു.

## അദ്ധ്യായം IV

## റദ്ദാക്കലുകൾ

31. (റദ്ദാക്കലുകൾ) റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്ററ്, 1960 (1960-ലെ 58) 2-ാം വകുപ്പും ഒന്നാം പട്ടികയും പ്രകാരം റദ്ദാക്കപ്പെട്ടു.

## പട്ടിക

(8-ാം വകുപ്പ് നോക്കുക)

### ക്ലാസ് I – ലെയും ക്ലാസ് II — ലെയും അനന്തരാവകാശികൾ

### ക്ലാസ് I

പുത്രൻ; പുത്രി; വിധവ; മാതാവ്; മുമ്പു മരിച്ച പുത്രൻെറ പുത്രൻ; മുമ്പുമരിച്ച പുത്രൻെറ പുത്രി; മുമ്പു മരിച്ച പുത്രിയുടെ പുത്രൻ; മുമ്പു മരിച്ച പുത്രിയുടെ പുത്രി; മുമ്പ് മരിച്ച പുത്രൻെറ വിധവ; മുമ്പു മരിച്ച പുത്രൻെറ മുമ്പു മരിച്ച പുത്രൻെറ പുത്രൻ; മുമ്പുമരിച്ച പുത്രൻെറ മുമ്പുമരിച്ച പുത്രൻെറ പുത്രി; മുമ്പു മരിച്ച പുത്രൻെറ മുമ്പുമരിച്ച പുത്രൻെറ വിധവ.

### ക്ലാസ് II

I. പിതാവ്

II. (1) പുത്രൻെറ പുത്രിയുടെ പുത്രൻ.
    (2) പുത്രൻെറ പുത്രിയുടെ പുത്രി.
    (3) സഹോദരൻ.
    (4) സഹോദരി.

III. (1) പുത്രിയുടെ പുത്രൻെറ പുത്രൻ,
    (2) പുത്രിയുടെ പുത്രൻെറ പുത്രി.
    (3) പുത്രിയുടെ പുത്രിയുടെ പുത്രൻ.
    (4) പുത്രിയുടെ പുത്രിയുടെ പുത്രി.

IV. (1) സഹോദരൻെറ പുത്രൻ.
    (2) സഹോദരിയുടെ പുത്രൻ.
    (3) സഹോദരൻെറ പുത്രി.
    (4) സഹോദരിയുടെ പുത്രി.

V. പിതാവിൻെറ പിതാവ്; പിതാവിൻെറ മാതാവ്.

VI. പിതാവിൻെറ വിധവ; സഹോദരൻെറ വിധവ.

VII. പിതാവിൻെറ സഹോദരൻ; പിതാവിൻെറ സഹോദരി.

VIII. മാതാവിൻെറ പിതാവ്; മാതാവിൻെറ മാതാവ്.

IX മാതാവിൻെറ സഹോദരൻ, മാതാവിൻെറ സഹോദരി.

വിശദീകരണം.— ഈ പട്ടികയിൽ, ഒരു സഹോദരനേയോ സഹോദരിയേയോ കുറിച്ചുള്ള പരാമർശങ്ങളിൽ ഏകോദരരക്തത്താലുള്ള ഒരു സഹോദരനേയോ സഹോദരിയേയോ കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതല്ല.

---

# GLOSSARY OF THE HINDU SUCCESSION ACT

## A

| | |
|---|---|
| Abet 25 | പ്രേരണ നല്കുക |
| Absolutely 7 Exp. | പൂർണ്ണാവകാശത്തോടെ |
| Absolute property 14 (M) | പൂർണ്ണാവകാശമുള്ള വസ്തു |
| Acquire 22 (1) | ആർജ്ജിക്കുക |
| Agnate 3 (1a) | ജ്ഞാതി |
| Agreement 5 (ii) | കരാർ |
| Agricultural holdings 4 (2) | കൃഷിനടപ്പു ഭൂമികൾ |
| Allot 6 Exp. I | തിരിച്ചുവയ്ക്കുക |
| Aliyasantana Act 3 (1b) | അളിയസന്താന ആക്ററ് |
| Arrear 14 (1) Exp. | കുടിശ്ശിക |
| Award 14 (2) | അവാർഡ് |

## B

| | |
|---|---|
| Branch 7 (3) Exp. | ശാഖ |

## C

| | |
|---|---|
| Child in womb 20 | ഗർഭത്തിലെ കുട്ടി |
| Cognate 3 (1c) | ബന്ധു |
| Commencement 5 (ii) | പ്രാരംഭം |
| Computation 13 | കണക്കാക്കൽ |
| Convert 25 | മതപരിവർത്തനം ചെയ്ത ആൾ |
| Coparcenery property 6 | കൂട്ടുടമായ വസ്തു |
| Covenant 5 (ii) | കവനൻറ് |

## D

| | |
|---|---|
| Degree of ascent 13 (1) | ആരോഹണ പരമ്പരയിലെ ഡിഗ്രി |
| Degree of descent 13 (1) | അവരോഹണപരമ്പരയിലെ ഡിഗ്ര |
| Descent 3 (h) (b) | പരമ്പരത |
| Devolution 4 (2) | സംക്രമണം |
| Distribution 10 | വീതിക്കൽ |
| Divided 7 (3) Exp. | വിഭക്തമായ |
| Dwelling houses 23 | വാസഗൃഹങ്ങൾ |

## E

| | |
|---|---|
| Enactment 5 (ii) | അധിനിയമം |
| Entry 16 Rule I | ഉൾക്കുറിപ്പ് |
| Escheat (Heading above S.29) | എസ്ചീററ് |
| Exertion 14 (1) Exp. | പ്രയത്നം |

## F

| | |
|---|---|
| Female Hindu 14 (1) Exp. | ഹിന്ദു സ്ത്രീ |
| Female line 3 (h) (b) | പെൺവഴി |
| Female relative 6 Prov | സംബന്ധിയായ സ്ത്രീ |
| Fixation of ceilings 4 (2) | പരിധികൾ നിജപ്പെടുത്തൽ |
| Fragmentation 4 (2) | കണ്ഡംകണ്ഡമാക്കൽ |
| Full owner 14 (1) | പൂർണ്ണാവകാശമുള്ള ഉടമ |

## G

| | |
|---|---|
| General (Heading above S.5) | സാമാന്യം |
| General rules of succession 8 | പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ |
| Gift 14 (2) | ദാനം |

## H

| | |
|---|---|
| Heir 3 (1) (f) | അനന്തരാവകാശി |
| Highest consideration 22 (3) | ഏറ്റവും കൂടുതൽ പ്രതിഫലം |
| Hindu Succession Act | ഹിന്ദുപിൻതുടർച്ച ആക്റ്റ് |

## I

| | |
|---|---|
| In furtherance of 25 | മുന്നോട്ടുകൊണ്ടുപോകുന്നതിന് |
| In lieu of 14 (1) Exp. | പകരമായി |
| Inclusive of 13 (2) | ഉൾപ്പെടെ |
| Illom 7 (1) | ഇല്ലം |
| Instrument 14 (2) | പ്രമാണം |
| Interest 6 | അവകാശം |
| Interpretation 3 (M) | വ്യാഖ്യാനം |
| Intestate 3 (1g) | മരണശാസനം കൂടാതെ മരിച്ച ആൾ |
| Intestate succession (Heading above S.5) | മരണശാസനം കൂടാതെയുള്ള പിൻതുടർച്ച |

## J

| | |
|---|---|
| Joint tenants 19 (2) | ജായിന്റ് ടെനൻസ് |

## K

| | |
|---|---|
| Kavaru 7 (1) | കവരു |
| Kinship 3 | കുലബന്ധം |
| Kutumba 7 (1) | കുടുംബം |

## L

| | |
|---|---|
| Legitimate 3 (i) | നിയമാനുസൃതമായ |
| Liability 29 | ബാദ്ധ്യത |
| Limited owner 14 (1) | പരിമിതാവകാശമുള്ള ഉടമ |
| Local area 3 (1d) | തദ്ദേശപ്രദേശം |

## M

| | |
|---|---|
| Maintenance 14 (1) Exp. | സംരക്ഷണം |
| Male Hindu 8 | ഹിന്ദുപുരുഷൻ |
| Manner 16 | രീതി |
| Marumakkattayam Law 3 1 (h) | മരുമക്കത്തായ നിയമം |
| Murder 25 | കൊലപാതകം |
| Murderer 25 | കൊലപാതകി |

## O

| | |
|---|---|
| Obligation 29 | കടപ്പാട് |
| Order of succession 12 | പിൻതുടർച്ചക്രമം |

P

| | |
|---|---|
| Partition 6 Exp. I | ഭാഗം |
| Per capita 7 Exp. | ആളോഹരി |
| Per stirpes 19 (a) | ശാഖാ—ഓഹരി |
| Pre-deceased 10 | മുമ്പുമരിച്ച |
| Prefer 9 | മുൻഗണനകിട്ടുക |
| Preferential right 22 | മുൻഗണനാവകാശം |
| Prescription 14 (1) Exp. | ചിരാനുഭോഗം |
| Presumption 21 | അനുമാനം |
| Purchase 14 (1) Exp. | ക്രയം |

R

| | |
|---|---|
| Related 3 (j) | ബന്ധപ്പെട്ട |
| Restricted estate 14 (2) | പരിമിതപ്പെടുത്തിയ എസ്റ്റേററ് |
| Rule of preference 12 | മുൻഗണനാചട്ടങ്ങൾ |

S

| | |
|---|---|
| Simultaneously 9 | ഒരുമിച്ച് |
| Skill 14 (1) Exp. | നൈപുണ്യം |
| Solely 22 (1) | തനിച്ച് |
| Special provision 17 | വിശേഷാൽ വ്യവസ്ഥ |
| Sthanamdar 7 (3) | സ്ഥാനി |
| Stridhana 14 (1) Exp. | സ്ത്രീധനം |
| Subsequently 20 | പിന്നീട് |
| Succeeding 16 Rule I | തുടർന്നുവരുന്ന |
| Survivorship 6 | അതിജീവിതം |
| System of inheritance 3 (h) (b) | അനന്തരാവകാശസമ്പ്രദായം |
| System of law 3 (h) | നിയമസമ്പ്രദായം |

T

| | |
|---|---|
| Tarwad 7 (1) | തറവാട് |
| Tavazhi 7 (1) | താവഴി |
| Tenancy right 4 (2) | കുടിയായ്മാവകാശം |
| Tenants-in-common 19 (b) | ടെനൻസ്—ഇൻ—കാമൺ |
| Terms 5 (ii) | നിബന്ധനകൾ |
| Testamentary disposition 3 (1) | മരണപത്രപ്രകാരമുള്ള വിനിയോഗം |
| To the exclusion of 9 | ഒഴിച്ചുനിറുത്തി |
| Transfer 22 (1) | കൈമാററം ചെയ്യുക |

U

| | |
|---|---|
| Uncertain 21 | നിശ്ചയിക്കാൻ വയ്യാത്ത |
| Undivided 7 (3) Exp. | അവിഭക്തമായ |

W

| | |
|---|---|
| Widow 10 | വിധവ |
| Will 14 (2) | മരണശാസനം |